**ജുഹ്വത: സ്രുവഹസ്തസ്യ ശ്മശ്രൂണി ഭഗവാൻ ഭവ:**
**ഭൃഗോർല്ലുലുഞ്ചേ സദസി യോഽഹസ്ച്ശ്മശ്രു ദർശയൻ (4–5–19)**
**ഭഗസ്യ നേത്ര ഭഗവാൻ പാതിതസ്യ രുഷാ ഭുവി**
**ഉജ്ജഹാര സദ:സ്ഥോഽക്ഷണാ യശ്ശപന്തമസൂചയത് (4–5–20)**
**പൂഷ്ണശ്ചാപാതയദ്ദന്താൻ കാലിംഗസ്യ യഥാ ബല:**
**ശാപ്യമാനേ ഗരിമണി യോഽഹസദ്ദർശയൻ ദത: (4–5–21)**

മൈത്രേയൻ തുടർന്നു:
ദക്ഷസഭയിൽ നടന്നതെല്ലാം നാരദമുനി ശിവനോടു പറഞ്ഞു. സതി സ്വയം യോഗാഗ്നിയിൽ ദഹിച്ചതും ഭൃഗുമുനി യാഗാഗ്നികളിൽ നിന്നുമാവാഹിച്ചെടുത്ത ഋഭു ശിവഗണങ്ങളെ ആട്ടിപ്പായിച്ചതുമെല്ലാം ശിവൻ അറിഞ്ഞു. കോപിഷ്ടനായി ശിവൻ തൻെറ ജടയിൽനിന്നും ഒരുരോമം പറിച്ച് അടുത്തുള്ളൊരു പാറയിലുരച്ചപ്പോൾ അതു വീരഭദ്രൻ എന്നു പേരായ വലിയൊരു സത്വമായിത്തീർന്നു. അവന് ഒരായിരം കൈകളും മൂന്നുകണ്ണുകളും ഭീകരമായ ദംഷ്ട്രങ്ങളും ഉണ്ടായിരുന്നു.

ശിവനെ നമിച്ച് ആജ്ഞയ്ക്കായി വീരഭദ്രൻ കാത്തുനിന്നു. ശിവൻ പറഞ്ഞു: “നീ എൻെറതന്നെ പ്രഭയുടെ ഒരു കിരണമത്രെ. ദക്ഷനെയും അവൻെറ യാഗത്തേയും നീ നശിപ്പിക്കണം.” വീരഭദ്രൻ ഭഗവാനെ വണങ്ങി യാത്രയായി. കൂടെ ശിവഗണങ്ങളും അനുഗമിച്ചു. ദക്ഷസഭയിൽ വലിയ ബഹളം തന്നെയായിരുന്നു. വടക്കുദിശയിൽനിന്ന് വല്ലാത്ത പൊടിപടലവും കാർമേഘവും കാണായി. ഏതോ അത്യാപത്തിൻെറ തോന്നൽ എല്ലാവരേയും ഭയചകിതരാക്കി. ദക്ഷപത്നിക്കും മറ്റുസ്ത്രീകൾക്കും സതീദേഹത്യാഗത്തെത്തുടർന്ന് ദക്ഷനെതിരെ ഭഗവാൻെറ പ്രതികാരമായിരിക്കുമിതെന്നു മനസ്സിലായി.

ശിവഗണങ്ങൾ ദക്ഷസഭയിൽ അതിക്രമിച്ചുകയറി യാഗസന്നാഹങ്ങളെല്ലാം നശിപ്പിച്ചു. മണിമാൻ എന്ന ശിവഭൃത്യൻ ഭൃഗുവിനെ ബന്ധിച്ചു. വീരഭദ്രൻ, ദക്ഷനേയും. ചണ്ഡീശൻ പൂഷദേവനേയും, നന്തി ഭഗദേവനേയും ബന്ധിച്ചു. മറ്റുള്ളവർ നാനാഭാഗങ്ങളിലേക്കും ഓടി രക്ഷപ്പെട്ടു. വീരഭദ്രൻ ഭൃഗുവിൻെറ മീശയും താടിരോമങ്ങളും ബലമായി പറിച്ചെടുത്തു. അഗ്നിയിലേക്ക് ഹോമ ദ്രവ്യങ്ങളർപ്പിക്കുമ്പോൾ ഭൃഗു അഹങ്കാരത്തോടെ ഒരു കൈകൊണ്ട് തൻെറ മീശ തടവി മറ്റേക്കൈകൊണ്ട് യാഗം നടത്തുകയായിരുന്നുവല്ലൊ. ഭഗനെ വീരഭദ്രൻ അടിച്ചുവീഴ്ത്തി, അവൻെറ കണ്ണുകൾ ചൂഴ്ന്നെടുത്തു. ശിവനെ ദക്ഷൻ അപമാനിക്കുന്ന സമയത്ത് കുസൃതിയോടെ കണ്ണിറുക്കിക്കാണിച്ചതിനുള്ള ശിക്ഷ. പൂഷദേവൻ പരിഹാസമായി ചിരിച്ചതിനുള്ള പ്രതിഫലമായി അയാളുടെ പല്ലുകൾ മുഴുവനും വീരഭദ്രൻ പറിച്ചെടുത്തു. പിന്നീട് ദക്ഷൻെറ കഴുത്തു വെട്ടാൻ തുനിഞ്ഞെങ്കിലും വീരഭദ്രന് കുറച്ച് തടസ്സം നേരിട്ടു. എന്നാൽ യാഗബലി നൽകുന്ന മൃഗത്തിനെപ്പോലെ ദക്ഷജീവൻ ഭഗവാന് സമർപ്പിച്ചപ്പോൾ അയാളുടെ തല അറ്റുവീണു. വീരഭദ്രനും കൂട്ടരും കൈലാസത്തിലേക്ക് മടങ്ങി. എല്ലാ ദുഷ്ടർക്കും അതാതു കുറ്റങ്ങൾക്കുള്ള ശിക്ഷകൾ കിട്ടി.